File No.TCPCTP/1063/2021-C3

## മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - കൊല്ലം ജില്ല -കൊല്ലം നഗരസഭ- കൊല്ലം വെസ്റ്റ് വില്ലേജ്, Confectionaries-Snacks Item നിർമ്മിക്കുന്ന കെട്ടിടം - കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 17/02/2021 ലെ TP4/BA/29693/6/20-21 നമ്പർ കത്ത്

2. കൊല്ലം ടൗൺ പ്ലാനറുടെ 20/04/2021 ലെ TCPKLM/93/2021/C, 18/08/2021 ലെ TCPKLM/276/21-C നമ്പർ കത്തുകൾ.

---

### കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/1063/2021-C3 തീയതി:**03/09/2021**

---

കൊല്ലം ജില്ലയിലെ കൊല്ലം നഗരസഭ പരിധിയിലുള്ള കൊല്ലം വെസ്റ്റ് വില്ലേജിൽ റീ സർവ്വേ നമ്പർ 126, 126/1 എന്നിവയിൽ ഉൾപ്പെട്ട 12.83 Are സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള KMC/47/865 നമ്പർ വാസഗൃഹം നിലനിൽക്കുന്ന സ്ഥലത്ത് G1 ഒക്യുപൻസിയിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള 217.56 sqm വിസ്തീർണമുള്ള CONFECTIONARIES-SNACKS ITEMS നിർമ്മിക്കുന്ന കെട്ടിടത്തിന് കൺകറൻസ് അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീമതി. റംല ബീവി, ലൂബിന മൻസിൽ, പള്ളിത്തോട്ടം.പി.ഒ, കൊല്ലം -ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 2019 -നും താഴെ പറയുന്ന നിബന്ധനകൾക്കും, വിധേയമായി അംഗീകൃത മാസ്റ്റർപ്ലാൻ - ഡെവലപ്മൻറ് പ്ലാൻ ഫോർ കൊല്ലം 2011 എ.ഡി പ്രകാരമുള്ള കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി /ഒക്കുപ്പൻസി നൽകുവാൻ പാടുള്ളൂ.
2. കെ.എം.ബി.ആർ. 2019 ലെ ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ , സർവ്വെ നമ്പർ , വിസ്തൃതി, അളവുകൾ, അതിരുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി

647003
GOVERNMENT OF KERALA

ഉറപ്പുവരുത്തേണ്ടതാണ്.

3. നിർമ്മാണം കെ.എം.ബി.ആർ 2019 നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ് & ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി നേടിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ ഗവൺമെന്റ് സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് ബാധകമാകുന്ന പക്ഷം ആയവയ്ക്ക് അനുസൃതമായിരിക്കണം.
7. നിലവിൽ പ്ലാനിൽ രേഖപ്പെടുത്താത്തതും സ്ഥലപരിശോധനയിൽ കണ്ടതുമായ നിർമ്മാണങ്ങൾ പൊളിച്ചു നീക്കണം. വ്യവസായ കെട്ടിടവും വാസഗൃഹവും തമ്മിൽ 2 മീറ്ററിൽ കുറയാത്ത അകലം ലഭ്യമാണെന്നും സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
8. KMBR 2019 ചട്ടം 76(2) പ്രകാരമുള്ള Rainwater storage arrangement നല്കിയിട്ടുണ്ടെന്ന് സെക്രട്ടറി അനുമതി നൽകുന്നതിന് മുൻപ് ഉറപ്പ് വരുത്തേണ്ടതാണ്.

കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയിരിക്കേണ്ടതാണ്.

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by RAJEEVAN PITTAN
Date: 2021.09.03 11:39:31 IST
Reason: Approved

രാജീവൻ പിട്ടൻ
ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

സെക്രട്ടറി, കൊല്ലം നഗരസഭ

പകർപ്പ്:-

1. ശ്രീമതി റംല ബീവി, ലൂബിന മൻസിൽ, പള്ളിത്തോട്ടം.പി.ഒ, കൊല്ലം-691006
2. ടൗൺപ്ലാനർ, കൊല്ലം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

Sr01092021